# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3385 | 22.08.2017 ൽ മറുപടിയ്ക്ക്

## ബ്ലേഡ് മാഫിയാ ഭീഷണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേരക്ക് ശേഷവും ബ്ലേഡ് പലിശ മാഫിയ നിശബ്ദമായി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പരിപാടിയിലെ കുറവുകൾ പരിഹരിച്ച നടപ്പാക്കുക വഴി കേസുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇത്തരം നിശബ്ദ ബ്ലേഡ് മാഫിയകളെ പിടികൂടുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്കെതിരെ നിരീക്ഷണം നടത്തിയും, സന്നദ്ധ സംഘടനയുടെ സഹായത്തോടെ ജനമൈത്രി ബീറ്റ് ഓഫീസർമാർ വഴി വിവരങ്ങൾ ശേഖരിച്ചും, റെയ്ഡുകളും മറ്റും നടത്തിയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബ്ലേഡ് മാഫിയ ഭീഷണി മൂലം എത്ര ആത്മഹത്യാ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കാമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ബ്ലേഡ് മാഫിയായുടെ ഭീഷണി മൂലം ആത്മഹത്യാ കേസുകൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ.